നമ്പർ. സി.ജനറൽ (3)/17511/2017/സി.ജി.ഇ

പരീക്ഷാ കമ്മീഷണറുടെ
കാര്യാലയം, പരീക്ഷാ ഭവൻ,
പൂജപ്പുര, തിരുവനന്തപുരം-12
തീയതി : 06.05.2017

# വിജ്ഞാപനം

വിഷയം:- ടി.എച്ച്.എസ്.എൽ.സി. സേവ് എ ഇയർ ('സേ') പരീക്ഷ മേയ് 2017 - സംബന്ധിച്ച്.

സൂചന:- ജി.ഒ.(എം.എസ്).നം.67/2014/പൊ.വി.വ. തീയതി 25.04.2014.

2017 മാർച്ചിലെ ടി.എച്ച്.എസ്.എൽ.സി പരീക്ഷയിൽ റഗുലർ വിഭാഗത്തിൽപ്പെട്ട വിദ്യാർത്ഥികളിൽ പരമാവധി രണ്ട് പേപ്പറുകൾക്കുവരെ കുറഞ്ഞത് ഡി+ ഗ്രേഡെങ്കിലും ലഭിക്കാത്തതിനാൽ ഉന്നത വിദ്യാഭ്യാസത്തിന് അർഹത നേടാത്തവർക്കായി സേവ് എ ഇയർ (സേ) പരീക്ഷ 2017 മെയ് 22 മുതൽ 26 വരെ തീയതികളിൽ തെരഞ്ഞെടുക്കപ്പെട്ട പരീക്ഷാകേന്ദ്രങ്ങളിൽ വച്ചു നടത്തുന്നതാണ്. ടൈംടേബിളും പരീക്ഷയുടെ മാനദണ്ഡങ്ങളും ചുവടെ ചേർക്കുന്നു.

1. 2017 മാർച്ചിലെ ടി.എച്ച്.എസ്.എൽ.സി. പരീക്ഷ റെഗുലർ വിഭാഗത്തിൽ എഴുതിയവർക്ക് മാത്രമേ 'സേ' പരീക്ഷ എഴുതുന്നതിന് അർഹതയുള്ളൂ.
2. പരമാവധി രണ്ടു പേപ്പറുകൾക്കു മാത്രം ഡി+ ന് താഴെ ഗ്രേഡ് ലഭിച്ചവർക്ക് മാത്രമേ 'സേ' പരീക്ഷ എഴുതാൻ അർഹതയുള്ളൂ.
3. ഏതെങ്കിലും പ്രത്യേക സാഹചര്യത്തിൽ ടി.എച്ച്.എസ്.എൽ.സി. പരീക്ഷയിൽ രണ്ടു പേപ്പറുകൾക്ക് ഹാജരാകാൻ സാധിക്കാതെ വന്നിട്ടുള്ളവർക്ക് പ്രസ്തുത പേപ്പറുകൾക്ക് 'സേ' പരീക്ഷ എഴുതാവുന്നതാണ്.
4. കൂടാതെ 2017 മാർച്ചിലെ ടി.എച്ച്.എസ്.എൽ.സി. പരീക്ഷയ്ക്ക് രജിസ്റ്റർ ചെയ്ത വിദ്യാർത്ഥികളിൽ അപകടം, ഗുരുതരമായ രോഗം, പിതാവ്/മാതാവ്/സഹോദരങ്ങൾ എന്നിവരുടെ മരണം എന്നീ കാരണങ്ങളാൽ പരീക്ഷ എഴുതാനോ പൂർത്തിയാക്കാനോ കഴിയാത്തവരുണ്ടെങ്കിൽ ഇവർക്ക് രണ്ടിൽ കൂടുതൽ പേപ്പറുകൾ പരീക്ഷ എഴുതുന്നതിന് അനുവാദം ഉണ്ടായിരിക്കുന്നതാണ്. ഇതിനായി വില്ലേജ് ഓഫീസർ / അംഗീകൃത ഡോക്ടറുടെ സർട്ടിഫിക്കറ്റ് അപേക്ഷയോടൊപ്പം ഹാജരാക്കേണ്ടതാണ്.
5. എഴുത്തു പരീക്ഷയുടെ സ്കോർ മാത്രമേ 'സേ' പരീക്ഷയിലൂടെ മെച്ചപ്പെടുത്താൻ മുകളിൽപ്പറഞ്ഞ വ്യവസ്ഥകൾക്ക് വിധേയമായി അവസരം ഉണ്ടായിരിക്കുകയുള്ളൂ.
6. 2017 മാർച്ചിലെ ടി.എച്ച്.എസ്.എൽ.സി. പരീക്ഷാ ഫലത്തിന്റെ കമ്പ്യൂട്ടർ പ്രിന്റൗട്ട് ഉപയോഗിച്ച് അപേക്ഷ നൽകാവുന്നതാണ്.

7. ‘സേ’ പരീക്ഷയ്ക്ക് പുനർമൂല്യനിർണ്ണയം അനുവദിക്കുന്നതല്ല.

8. പുനർ മൂല്യനിർണ്ണയത്തിനും അതോടൊപ്പം ‘സേ’ പരീക്ഷയ്ക്കും അപേക്ഷിച്ചവരിലാരെങ്കിലും പുനർമൂല്യനിർണ്ണയത്തിന് ഉപരിപഠനത്തിനർഹത നേടിയതായിക്കണ്ടാൽ ‘സേ’ പരീക്ഷാഫലം പരിഗണിക്കുന്നതല്ല.

# TIME TABLE

| Date | Time | Subject |
|---|---|---|
| 22-05-2017 Monday | 10.00 am to 11.45 am | Malayalam |
| | 01.45 pm to 03.30.pm | Physics |
| 23-05-2017 Tuesday | 10.00 am to 11.45 pm | General Engineering II<br>Electrical Technology II (IHRD) |
| | 01.45 pm to 03.30.pm | Chemistry |
| 24-05-2017 Wednesday | 10.00 am to 12.45 pm | English |
| | 01.45 pm to 03.30.pm<br>1.45 pm to 5.00 pm | Biology (IHRD)<br>Engineering Drawing III |
| 25-05-2017 Thursday | 10.00 am to 11.45 am | Trade Theory<br>Computer Science & IT (IHRD) |
| | 01.45 pm to 04.30pm | Social Science |
| 26-05-2017 Friday | 10.00 am to 12.45 pm | Mathematics |
| | 01.45 pm to 03.00.pm<br>02.30 pm to 03.30 pm | Electronics II Trade Theory (IHRD)<br>Information Technology |

## പരീക്ഷാഫീസ്

‘സേ’ പരീക്ഷ എഴുതുന്നതിന് പേപ്പർ ഒന്നിന് 100/- രൂപയാണ് ഫീസ് നിശ്ചയിച്ചിട്ടുള്ളത്. അപേക്ഷകർ പൂരിപ്പിച്ച അപേക്ഷയോടൊപ്പം ഗ്രേഡ് വ്യക്തമാക്കുന്ന പ്രിന്റൗട്ടും അപേക്ഷാഫീസും 2017 മാർച്ചിൽ പരീക്ഷ എഴുതിയ പരീക്ഷാകേന്ദ്രത്തിലെ പ്രഥമാദ്ധ്യാപകന് സമർപ്പിക്കേണ്ടതാണ്. പരീക്ഷാർത്ഥികൾ യാതൊരു കാരണവശാലും പരീക്ഷാ ഫീസ് പണമായോ/ചെക്കായോ മറ്റ് വിധത്തിലോ പരീക്ഷാഭാവനിലേയ്ക്ക് അയയ്ക്കാൻ പാടില്ല. ലഭിച്ച തുക ചീഫ് സൂപ്രണ്ട്, **സെക്രട്ടറി റ്റു ദി കമ്മിഷണർ ഫോർ ഗവൺമെന്റ് എക്സാമിനേഷൻസ്, പരീക്ഷാഭവൻ, പൂജപ്പുര, തിരുവനന്തപുരം – 12** എന്ന പേരിൽ തിരുവനന്തപുരത്ത് മാറത്തക്ക വിധത്തിൽ **ഡിമാന്റ് ഡ്രാഫ്റ്റായി** പരീക്ഷാസെക്രട്ടറിയ്ക്ക് അയയ്ക്കേണ്ടതാണ്.

അപേക്ഷകൾ 08.05.2017 തിങ്കളാഴ്ച മുതൽ 11.05.2017 വ്യാഴാഴ്ച 1.00 മണിക്ക് മുമ്പായി നൽകേണ്ടതാണ്. ഓരോ സ്കൂളിലും ഈ രീതിയിൽ ലഭിക്കുന്ന അപേക്ഷകൾ അതാത് സ്കൂൾ പ്രഥമാദ്ധ്യാപകർ ബന്ധപ്പെട്ട സേ പരീക്ഷാകേന്ദ്രത്തിൽ 12-05-2017 വെള്ളിയാഴ്ച 12 മണിക്ക്

മുമ്പായി സമർപ്പിക്കണം. സേ പരീക്ഷാ കേന്ദ്രത്തിലെ ചീഫ് സൂപ്രണ്ടുമാർ അപേക്ഷാഫോറം സ്വീകരിച്ച് 15-05-2017 തിങ്കളാഴ്ച മുതൽ 16-05-2017 ചൊവ്വാഴ്ച വരെ പരീക്ഷാഭവൻ സെർവ്വറിലേക്ക് അപ്‌ലോഡ് ചെയ്യേണ്ടതാണ്.

അനുബന്ധം (ബി) ആയി കൊടുത്തിരിക്കുന്ന ചോദ്യപേപ്പർ സ്റ്റേറ്റ്മെന്റ് pareekshabhavancgl@gmail.com എന്ന അഡ്രസ്സിൽ 15.05.2017 തിങ്കളാഴ്ച 5 മണിക്കുമുമ്പ് ഇ-മെയിൽ ചെയ്യേണ്ടതാണ്. 'സേ' പരീക്ഷ എഴുതാൻ അർഹതയുള്ള വിഷയങ്ങൾ മാത്രമാണ് പരീക്ഷാർത്ഥി അപേക്ഷിക്കുന്നതെന്ന് ചീഫ് സൂപ്രണ്ട് ഉറപ്പുവരുത്തേണ്ടതാണ്.

**ഹാൾടിക്കറ്റ്**

അപേക്ഷ സ്വീകരിക്കുന്ന മുറയ്ക്ക് തന്നെ ചീഫ് സൂപ്രണ്ടുമാർ ഹാൾടിക്കറ്റ് വെബ്സൈറ്റിൽ നിന്നും ഡൗൺലോഡ് ചെയ്ത് മെയ് 19-ാം തീയതിയ്ക്ക് മുമ്പ് വിദ്യാർത്ഥികൾക്ക് വിതരണം ചെയ്യേണ്ടതാണ്. 2017 മാർച്ചിൽ പരീക്ഷാർത്ഥികൾക്ക് നൽകിയ രജിസ്റ്റർ നമ്പർ തന്നെയാണ് 'സേ' പരീക്ഷയുടെ രജിസ്റ്റർ നമ്പരായി നൽകേണ്ടത്.

**സർട്ടിഫിക്കറ്റ്**

'സേ' പരീക്ഷ എഴുതുന്ന വിദ്യാർത്ഥികൾക്ക് 2017-ലെ സർട്ടിഫിക്കറ്റിന് പകരം ഗ്രേഡ് രേഖപ്പെടുത്തിയ പുതിയ സർട്ടിഫിക്കറ്റ് നൽകുന്നതാണ്. മാതൃവിദ്യാലയത്തിലെ പ്രഥമാദ്ധ്യാപകർ മുഖേന സേ സർട്ടിഫിക്കറ്റുകൾ വിതരണം ചെയ്യുന്നത്. ഇതിനായി പഴയ സർട്ടിഫിക്കറ്റുകൾ അതാതു പരീക്ഷാകേന്ദ്രങ്ങളിൽ തിരിച്ച് ഏൽപ്പിക്കേണ്ടതാണ്.

**ഉത്തരക്കടലാസിന്റെ ഫോട്ടോകോപ്പി**

'സേ' പരീക്ഷയ്ക്ക് ഉത്തരക്കടലാസുകൾ പുനർമൂല്യനിർണ്ണയത്തിനും മാർക്ക് കൗണ്ടിംഗിനും അനുവദിക്കുന്നതല്ല. എന്നാൽ ഉത്തരക്കടലാസുകളുടെ ഫോട്ടോകോപ്പിക്കുവേണ്ടി പേപ്പർ ഒന്നിന് 200 രൂപ വച്ച് നിശ്ചിത ഫോറത്തിൽ അപേക്ഷ സമർപ്പിക്കാവുന്നതാണ്. അപേക്ഷാ ഫോറത്തിന്റെ മാതൃക 2016 ലെ ടി.എച്ച്.എസ്.എൽ.സി. വിജ്ഞാപനത്തിൽ ലഭ്യമാണ്.

പരീക്ഷയുടെ സുഗമമായ നടത്തിപ്പിന് വിജ്ഞാപത്തിൽ നൽകിയിരിക്കുന്ന കാര്യങ്ങൾ കൃത്യമായി പാലിക്കേണ്ടതാണ്.

**ലാൽ.കെ.ഐ**
**സെക്രട്ടറി**

# അനുബന്ധം – എ

## റ്റി.എച്ച്.എസ്.എൽ.സി. 2017 സേവ് എ ഇയർ (‘സേ’) പരീക്ഷ

## അപേക്ഷാഫാറം

1. പരീക്ഷാകേന്ദ്രത്തിന്റെ നമ്പർ :
2. പരീക്ഷാകേന്ദ്രത്തിന്റെ പേരും സ്ഥലവും :
3. പരീക്ഷാർത്ഥിയുടെ പേര് :
4. രക്ഷകർത്താവിന്റെ പേര് :
5. പൂർണ്ണ മേൽവിലാസം :
6. പരീക്ഷയ്ക്ക് എഴുതുന്ന പേപ്പറുകൾ *** :
   (2017 മാർച്ചിലെ പരീക്ഷയ്ക്ക് ഡി+ ഗ്രേഡിന് താഴെ ലഭിച്ച 2 പേപ്പറുകൾ)

| ക്രമ നമ്പർ | പരീക്ഷ എഴുതുന്ന പേപ്പറുകൾ | 03/2017 ൽ ലഭിച്ച ഗ്രേഡ് |
|---|---|---|
| 1 | | |
| 2 | | |
| 3 | | |
| 4 | | |
| 5 | | |
| 6 | | |
| 7 | | |
| 8 | | |
| 9 | | |
| 10 | | |

*** 2017 മാർച്ചിലെ ടി.എച്ച്.എസ്.എൽ.സി. പരീക്ഷയ്ക്ക് രജിസ്റ്റർ ചെയ്ത വിദ്യാർത്ഥികളിൽ അപകടം ഗുരുതരമായ രോഗം പിതാവ്/മാതാവ്/സഹോദരങ്ങൾ എന്നിവരുടെ മരണം എന്നീ കാരണങ്ങളാൽ പരീക്ഷ എഴുതാനോ പൂർത്തിയാക്കാനോ കഴിയാത്തവരുണ്ടെങ്കിൽ ഇവർക്ക് രണ്ടിൽ കൂടുതൽ പേപ്പറുകൾ പരീക്ഷ എഴുതുന്നതിന് അനുവാദം ഉണ്ടായിരിക്കുന്നതാണ്. ഇതിനായി വില്ലേജ് ഓഫീസർ / അംഗീകൃത ഡോക്ടറുടെ സർട്ടിഫിക്കറ്റ് അപേക്ഷയോടൊപ്പം ഹാജരാക്കേണ്ടതാണ്.

7. പരീക്ഷ എഴുതുന്ന മാധ്യമം :
8. ഒടുക്കിയ പരീക്ഷ ഫീസ് വിവരം :
9. 2017 മാർച്ചിൽ പരീക്ഷ എഴുതിയ സ്കൂളിന്റെ പേരും സെന്റർ നമ്പരും :
10. 2017 മാർച്ചിൽ എഴുതിയ പരീക്ഷയുടെ രജിസ്റ്റർ നമ്പർ :

മേൽ പ്രസ്താവിച്ച വസ്തുതകൾ സത്യമാണെന്ന് ഇതിനാൽ ഞാൻ സാക്ഷ്യപ്പെടുത്തുന്നു.

സ്ഥലം :

തീയതി :

**പരീക്ഷാർത്ഥിയുടെ ഒപ്പ്**

**മാതൃ വിദ്യാലയത്തിലെ ഓഫീസ് ഉപയോഗത്തിന്**

1. അപേക്ഷ ലഭിച്ച തീയതി :

2. അപേക്ഷാർത്ഥിക്ക് IED വിഭാഗത്തിലെ
ആനുകൂല്യത്തിന് അർഹതയുണ്ടോ ? :

3. എങ്കിൽ വിഭാഗവും ലഭിച്ച ആനുകൂല്യങ്ങളും

പ്രഥമാദ്ധ്യാപകന്റെ ഒപ്പ്

---

**സേ പരീക്ഷാ കേന്ദ്രത്തിലെ ഓഫീസ് ഉപയോഗത്തിന്**

1. അപേക്ഷ ലഭിച്ച തീയതി

2. അപേക്ഷയിൽ പറഞ്ഞിട്ടുള്ള വിവരങ്ങൾ ഒത്തുനോക്കിയ ഉദ്യോഗസ്ഥന്റെ ഒപ്പ്

3. രജിസ്റ്റർ നമ്പർ

4. ചീഫ് സൂപ്രണ്ടിന്റെ ഒപ്പ്

**ANNEXURE – B**

## THSLC EXAMINATION SAY–MAY 2017
## QUESTION PAPER STATEMENT

Name of Centre :

Centre Code :

Phone No. :

Name of Educational District ……………………….………………….………………………..

| PAPER | | SUBJECTS | No. OF QUESTION PAPERS REQUIRED | REMARKS |
|---|---|---|---|---|
| I | MALAYALAM | | | |
| II | ENGLISH | | | |
| III | SOCIAL SCIENCE/HUMANITIES (IHRD) | | | |
| IV | PHYSICS | | | |
| V | CHEMISTRY | | | |
| VI | MATHEMATICS | | | |
| VII | MECHANICAL ENGINEERING | | | |
| VIII | COMPUTER SCIENCE &IT | | | |
| IX | GENERAL ENGINEERING | | | |
| X | ELECTRICAL TECHNOLOGY II | | | |
| XI | ENGINEERING DRAWING III | | | |
| XII | BIOLOGY | | | |
| XIII | **TRADE THEORY (15 PAPERS SHOWN BELOW SEPARATELY)** | | | |
| | 1 | FITTING | | |
| | 2 | WELDING | | |
| | 3 | TURNING | | |
| | 4 | ELECTRICAL WIRING AND MAINTENANCE OF DOMESTIC APPLIANCE (EW & MDA) | | |
| | 5 | MAINTENANCE OF TWO WHEELERS & THREE WHEELERS | | |
| | 6 | ELECTROPLATING | | |
| | 7 | ELECTRONICS | | |
| | 8 | SURVEYING | | |
| | 9 | RUBBER TECHNOLOGY | | |
| | 10 | PRINTING | | |
| | 11 | MOTOR MECHANIC (AUTOMOBILE) | | |
| | 12 | REFRIGERATION & AIR CONDITIONING | | |
| | 13 | PLUMBING | | |
| | 14 | MASONRY & CONCRETE WORK | | |
| | 15 | AGRICULTURE | | |
| XIV | | ELECTRONICS II (TRADE THEORY) | | |
| XV | | IT | | |

**(School Seal)** **SIGNATURE OF SUPERINTENDENT / PRINCIPAL**

**THSLC SAY EXAMINATION CENTRES**

| Sl.No | School Code | Name of Centre | School come under the Centre |
|---|---|---|---|
| 1 | 11501 | GTHS Mogral, Puthoor | THS Mogral, Puthoor |
| 2 | 15501 | GTHS Sulthan Bathery | Technical High School Sulthan Bathery |
| 3 | 18502 | Model THS Vazhakkkad | Model THS Vazhakkkad |
| 4 | 21501 | THS Chittoor | THS Chittoor |
| 5 | 25501 | Model THSS Kaprassery | Model THSS Kaprassery |
| | | | THS Varappetty |
| | | | THS Ayavana |
| 6 | 29504 | THS Muttam | THS Vannappuram |
| | | | THS Muttam |
| 7 | 30501 | THS Kuttikkanam | THS Kuttikkanam |
| 8 | 33501 | THS Pampady | THS Pampady |
| | | | THS Kurichy |
| | | | THS Puthuppally |
| 9 | 39501 | THS Ezhukone | THS Ezhukone |
| 10 | 40501 | Sam Umman Memorial THS Kulathupuzha | Sam Umman Memorial THS Kulathupuzha |
| 11 | 43501 | THS Ulloor | THS Ulloor |